# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :4187 12.11.2019-ലെ മറുപടിക്ക്

## അമ്പലമുകളിൽ പെട്രോകെമിക്കൽ ആന്റ് ഫാർമ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കിൻഫ്രയുടെ നേതൃത്വത്തിൽ അമ്പലമുകളിൽ പെട്രോകെമിക്കൽ ആന്റ് ഫാർമ പാർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. എന്നാൽ, ഫാർമാ പാർക്കിന്റെ കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.<br>കൊച്ചിയിലെ ഫാക്ടിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയിൽ ഒരു പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഭൂമി കൈമാറ്റം സംബന്ധിച്ച് കേന്ദ്ര ക്യാബിനറ്റിന്റെ അനുമതി ലഭിച്ചു കഴിഞ്ഞു.<br>സർക്കാർ ഉത്തരവ് നം.(G.O.(Rt) No.1022/2019/ID dt.11/10/2019 പ്രകാരം 481 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്രയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും 20/12/2017-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 481 ഏക്കർ ഭൂമിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ ബി.പി.സി.എല്ലിന്റെ വിപുലീകരണവും അതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകാവുന്ന നിക്ഷേപ സാദ്ധ്യതയും ഈ പദ്ധതിക്ക് ഏറെ പ്രയോജനം ചെയ്യും. പെട്രോളിയം മേഖലയിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയിലെ |

| | |
|---|---|
| | നിക്ഷേപ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയന്റ്സ് കൺസൾട്ടൻസിനെ നിയമിക്കുകയും അവർ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ട പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും എന്ത് തുക ആവശ്യമായി വരും; ഇത് എപ്രകാരം കണ്ടെത്തുവാനാണ് പദ്ധതിയിട്ടുന്നത്; | (ബി) ഭൂമി ഏറ്റെടുക്കുന്നതിന് 977 കോടി രൂപ ആവശ്യമായി വരും. പെട്രോകെമിക്കൽ പാർക്ക് വികസിപ്പിക്കുന്നതിന് മൊത്തത്തിൽ 300 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധന സമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഈ പദ്ധതി സംസ്ഥാനത്തെ വ്യവസായ മേഖലയുടെ വികസനത്തിന് എപ്രകാരം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതു വഴി സംസ്ഥാനത്ത് പെട്രോകെമിക്കൽ മേഖലയിലും അതിന്റെ അനുബന്ധ വ്യവസായങ്ങൾക്കും ഉൽപന്നങ്ങൾക്കും ഏറെ സാദ്ധ്യതകളാണുള്ളത്. |
| (ഡി) പദ്ധതി പ്രാവർത്തികമാകുമ്പോൾ എത്ര പേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (ഡി) പദ്ധതി പ്രാവർത്തികമാകുമ്പോൾ പ്രത്യക്ഷമായി 5000 പേർക്കും പരോക്ഷമായി 5000 പേർക്കും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**